**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2223** **09-02-2023 - ൽ മറുപടിയ്ക്ക്**

**'കെ-സ്റ്റോർ' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കെ-സ്റ്റോർ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാര പ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകൾ വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിച്ചതിന്റെ ആദ്യ ഘട്ടമായാണ് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻകടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും, ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗം കൂടിയാണ് കെ-സ്റ്റോർ പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>നിലവിൽ എല്ലാ ജില്ലകളിൽ നിന്നുമായി 73 റേഷൻ കടകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. കെ-സ്റ്റോറിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. "**കെ-സ്റ്റോർ**" പദ്ധതിയുടെ ഭാഗമായി പൊതുജന സേവന കേന്ദ്രങ്ങൾ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, 5000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി സിലിണ്ടർ എന്നിവയുടെ വിപണനം നടത്തുന്നതിനുള്ള സംവിധാനവും കെ-സ്റ്റോറുകളിലൂടെ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ടി പദ്ധതിയുടെ ഭാഗമായി ഐ.ഒ.സി, മിൽമ എന്നിവരുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ